**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **27-01-2026 - ൽ മറുപടിയ്ക്ക്**

**കൊച്ചി ജലമെട്രോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കൊച്ചി ജലമെട്രോ ഇതിനകം ആഗോള ശ്രദ്ധയാകർഷിച്ചിട്ടുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ഉണ്ട്.<br><br>വാട്ടർ മെട്രോ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ച കേരള മോഡൽ സുസ്ഥിര ജലഗതാഗത പദ്ധതിയാണ്. ന്യൂയോർക്ക് ആസ്ഥാനമായ ഐ.ടി.ഡി.പി., ബ്രസൽസ് ആസ്ഥാനമായ യു.ഐ.ഇ.ടി.പി., പാരീസ് ആസ്ഥാനമായ ഗസീസ് തുടങ്ങി നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ വാട്ടർ മെട്രോയ്ക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ, 2024-ലെ യു.എൻ. ഹാബിറ്റാറ്റ് സിറ്റീസ് റിപ്പോർട്ടിൽ വാട്ടർ മെട്രോ ഫീച്ചർ ചെയ്യപ്പെട്ടിട്ടുണ്ട്. വാട്ടർ മെട്രോയ്ക്ക് ലഭിച്ചിട്ടുള്ള വിവിധ അവാർഡുകളുടെ പട്ടിക അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.<br><br>ഇന്ത്യയിലെ 18 നഗരങ്ങളിൽ വാട്ടർ മെട്രോയുടെ സാധ്യതാ പഠനം നടക്കുകയാണ്. കൂടാതെ, സൗത്ത് ഏഷ്യ, ആഫ്രിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ വാട്ടർ മെട്രോ ആധാരമാക്കി ജലഗതാഗതം ആധുനികവത്ക്കരിക്കാനുള്ള സാധ്യതകൾ തേടിയിട്ടുണ്ട്. കേരളം ലോകത്തിന് മാതൃകയാകുന്ന കേരള മോഡൽ വികസന പദ്ധതിയാണ് "വാട്ടർ മെട്രോ" എന്ന് ഇത് വഴി തെളിയിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | കൊച്ചി ജലമെട്രോ മാതൃകയിൽ ജലഗതാഗത മാർഗ്ഗങ്ങൾ ഒരുക്കുവാൻ പിന്തുണ ആവശ്യപ്പെട്ട് വിവിധ സംസ്ഥാന സർക്കാരുകളും രാജ്യങ്ങളും സമീപിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്.<br><br>കേരളം ഉൾപ്പെടെ 9 (ഒൻപത്) സംസ്ഥാനങ്ങളിലും 3 (മൂന്ന്) കേന്ദ്ര ഭരണപ്രദേശങ്ങളിലും കൊച്ചി ജലമെട്രോ മാതൃകയിൽ ജലഗതാഗത മാർഗ്ഗങ്ങൾ ഒരുക്കുവാനുള്ള സാധ്യതാ പഠനത്തിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) സമീപിച്ചിട്ടുണ്ട്. പഠനങ്ങൾ നിലവിൽ പുരോഗമിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| | | | ഇതിന് പുറമേ, പല വിദേശ രാജ്യങ്ങളും ഇക്കാര്യത്തിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്. |
| (സി) | മുംബൈ അടക്കമുള്ള ഏതെല്ലാം നഗരങ്ങളിൽ നിന്നുമാണ് ജലമെട്രോ സാധ്യതാപഠനത്തിനായി കൊച്ചി ജലമെട്രോ ലിമിറ്റഡിനെ സമീപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മുംബൈ അടക്കം 18 നഗരങ്ങളിൽ സാധ്യതാ പഠനത്തിനായി ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ സമീപിച്ചിട്ടുള്ളതും ആയതിന്റെ സാധ്യതാ പഠനം പുരോഗമിച്ച് വരികയുമാണ്. പ്രസ്തുത നഗരങ്ങളുടെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയും അടങ്ങുന്ന വൈവിധ്യപൂർണ്ണമായ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുമുള്ള കണ്ണിയായി മാറുന്നതിനും മട്ടാഞ്ചേരി ജലമെട്രോ പദ്ധതിക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്.<br><br>കേരളത്തിന്റെ പൈതൃക നഗരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങൾ തനത് സാംസ്കാരിക പാരമ്പര്യവും, ചരിത്രത്തിന്റെ വിവിധ നാഴികകല്ലുകളും ഉൾപ്പെട്ട പ്രധാന പ്രദേശങ്ങളിൽ ഒന്നാണ്. ആയതിനാൽ, പ്രസ്തുത പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് അവയുടെ സമഗ്ര വികസനത്തിന് വഴി തെളിക്കുന്നതാണ്. വാട്ടർ മെട്രോ സർവ്വീസ് ആരംഭിച്ചതിനു ശേഷം ഇവിടേയ്ക്കുള്ള യാത്രാക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മട്ടാഞ്ചേരി റൂട്ട് തുടങ്ങിയതിനുശേഷം ഇതിനോടകം മൂന്നു ലക്ഷത്തിൽപരം യാത്രക്കാർ വാട്ടർ മെട്രോ ഉപയോഗിച്ച് യാത്ര ചെയ്തിട്ടുണ്ട്. |
| (ഇ) | കൊച്ചി ജലമെട്രോയുടെ വികസനത്തിന്റെ ഭാഗമായി ഏതെല്ലാം ടെർമിനലുകളുടെ പ്രവർത്തനങ്ങളാണ് പുരോഗമിച്ചു വരുന്നതെന്ന് അറിയിക്കാമോ; പ്രവൃത്തികൾ ഓരോന്നും എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഇ) | കുമ്പളം, കടമക്കുടി, പാലിയംതുരുത്ത് തുടങ്ങിയ ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ അന്തിമഘട്ടത്തിലാണ്. പ്രസ്തുത റൂട്ടുകളിലെ ഡ്രെഡ്ജിംഗിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരികയാണ്.<br><br>എറണാകുളം, തോപ്പുംപടി, ഇടക്കൊച്ചി, വരാപ്പുഴ എന്നീ ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

## അവാർഡുകളുടെ പട്ടിക

| ക്ര. നം. | അവാർഡ് വിവരണം | അവാർഡ് നൽകുന്ന ഏജൻസി | വിഭാഗം | വർഷം |
|---|---|---|---|---|
| 1 | ഗുസ്താവ് ട്രൂവേ അവാർഡ് – 2022 (ഫ്രാൻസ്) ('ദി ഗസ്സീസ്' എന്നറിയപ്പെടുന്നു) മികച്ച ഇലക്ട്രിക് യാത്രക്കാരൻ ബോട്ടിനുള്ള അവാർഡ്. | ഗുസ്താവ് ട്രൂവേ / ദി ഗസ്സീസ് | ഇലക്ട്രിക് ബോട്ടുകൾ | **2022** |
| 2 | ഇവി (EV) അടിസ്ഥാന സൗകര്യങ്ങളിലെ മികവിനുള്ള എനർജി ലീഡർഷിപ്പ് അവാർഡ് – 2023. | ദി ഇക്കണോമിക് ടൈംസ് | ഇവി അടിസ്ഥാന സൗകര്യങ്ങളിലെ മികവ് | **2023** |
| 3 | ഗ്ലോബൽ മറൈം ഇന്ത്യ സമിറ്റ് 2023 അവാർഡുകൾ – 2 എണ്ണം | ജിഎംഐഎസ് – 2023 | - ആധുനിക ഇലക്ട്രിക് ഫെറികളുടെ കാര്യക്ഷമമായ ഫ്ലീറ്റ് പ്രവർത്തനം.<br><br>- ഉൾനാടൻ ജലപാതകളിലുടനീളം മികച്ച രീതിയിൽ ആസൂത്രണം ചെയ്ത ടെർമിനൽ ശൃംഖല. | **2023** |
| 4 | ഷിപ്ടെക് ഇന്റർനാഷണൽ അവാർഡുകൾ – 2023 | ഷിപ്ടെക് | ഏറ്റവും നവീനവും സുസ്ഥിരവുമായ പദ്ധതി | **2023** |
| 5 | യുഎംഐ (UMI) കോൺഫറൻസ് – 2023 | ഭവന–നഗരകാര്യ മന്ത്രാലയം (MoHUA) | പദ്ധതിവിഭാഗത്തിൽ ഗ്രീൻ ഗതാഗത സംരംഭങ്ങളുള്ള മികച്ച നഗരം | **2023** |
| 6 | ഇന്ത്യൻ എക്സ്പ്രസ് 'എക്സ്പ്രസ് കമ്പ്യൂട്ടേഴ്സ്' അവാർഡ് – 2023 | ഇന്ത്യൻ എക്സ്പ്രസ് | എന്റർപ്രൈസ് ആപ്ലിക്കേഷൻസ് അവാർഡ് | **2023** |
| 7 | അർബൻ ഇൻഫ്രാ അവാർഡുകൾ – 2023 | അർബൻ ഇൻഫ്രാ ഗ്രൂപ്പ് | 2023-ലെ ഏറ്റവും നവീനമായ ജലഗതാഗത സംവിധാനം | **2023** |
| 8 | ഹുഡ്കോ മികച്ച പ്രവർത്തനരീതികൾക്കുള്ള അവാർഡ് | ഹഡ്കോ (HUDCO) | നഗര ഗതാഗത വിഭാഗം | **2024** |
| 9 | സ്കോച്ച് അവാർഡുകൾ | സ്കോച്ച് ഗ്രൂപ്പ് | ഗതാഗതം – ഗോൾഡ് വിഭാഗം | **2024** |
| 10 | യു എൻ ഹാബിറ്റാറ്റ് വേൾഡ് സിറ്റീസ് റിപോർട്ട് – ക്ലൈമറ്റ് ആക്ഷൻ കേസ് സ്റ്റഡീസ് | യുണൈറ്റഡ് നേഷൻസ് | റിപോർട്ടിൽ ഫീച്ചർ ചെയ്ത കേസ് സ്റ്റഡി | **2024** |
| 11 | യുഐടിപി (UITP) അംഗീകാരം | യുഐടിപി (UITP) | നഗര ജലഗതാഗതത്തിൽ നവീനവും സുസ്ഥിരവുമായ സമീപനം / പ്രദേശത്തെ പൊതു ഗതാഗതം മുന്നോട്ട് കൊണ്ടുപോകുന്നതിലെ മികവ് | **2025** |
| 12 | സുസ്ഥിര ഗതാഗത അവാർഡ് (STA) | ഐ ടി ഡി പി (ITDP) | സുസ്ഥിരത, സമത്വം എന്നിവയ്ക്ക് മുൻഗണന നൽകി കൊച്ചി നഗരത്തെയും അതിന്റെ ഗതാഗത സംവിധാനങ്ങളെയും പുനർനിർവ്വചിച്ചതിന്. | **2026** |

## അനുബന്ധം - 2

| ക്രമ നമ്പർ | സംസ്ഥാനം/കേന്ദ്രഭരണപ്രദേശം | നഗരം |
|---|---|---|
| 1 | അസം | ഗുവാഹത്തി |
| 2 | | ധുബ്രി |
| 3 | | തേസ്പൂർ |
| 4 | ബീഹാർ | പട്ന |
| 5 | കേരളം | കൊല്ലം |
| 6 | | ആലപ്പുഴ |
| 7 | പശ്ചിമ ബംഗാൾ | കൊൽക്കത്ത |
| 8 | മഹാരാഷ്ട്ര | മുംബൈ |
| 9 | ജമ്മു കാശ്മീർ | ശ്രീനഗർ |
| 10 | ഉത്തർപ്രദേശ് | അയോധ്യ |
| 11 | | പ്രയാഗ്‌രാജ് |
| 12 | | വാരണാസി |
| 13 | ആൻഡമാൻ നിക്കോബാർ ദ്വീപുകൾ | ആൻഡമാൻ നിക്കോബാർ ദ്വീപുകൾ |
| 14 | ലക്ഷദ്വീപ് | ലക്ഷദ്വീപ് |
| 15 | ഗോവ | ഗോവ |
| 16 | കർണ്ണാടക | മംഗലാപുരം |
| 17 | ഗുജറാത്ത് | അഹമ്മദാബാദ് |
| 18 | | സൂറത്ത് |